**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1090** **15-10-2026-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ എൻഡ് സേഫ്റ്റി ഏരിയയുടെ വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ക്രോസ് റോഡ് നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പൊതുമരാമത്ത് വകുപ്പിന് കീഴിൽ അലൈൻമെന്റ് തയ്യാറാക്കിയെങ്കിലും, റൺവേ ക്രോസ്സ് ചെയ്യുന്ന ഭാഗം എയർപോർട്ട് അതോറിറ്റി സാങ്കേതിക കാരണങ്ങളാൽ അനുമതി നൽകുവാൻ സാധിക്കുകയില്ല എന്ന് അറിയിച്ചതിനാൽ അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.

**(ബി)** കോഴിക്കോട് വിമാനത്താവളത്തിന്റെ പടിഞ്ഞാറുഭാഗത്ത് കുമ്മിണിപറമ്പ് എയർപോർട്ട് റോഡിലുള്ള S വളവ് നേരെയാക്കാൻ നടപടി സ്വീകരിക്കുമോ; നിലവിലെ അവസ്ഥ വിശദമാക്കാമോ;

**മറുപടി:** കോഴിക്കോട് വിമാനത്താവളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കമ്മിണിപ്പറമ്പ് എയർപോർട്ട് റോഡിലുള്ള 'S' വളവ് നിവർത്തുന്നതിനായി Price ID PWD/RB/EST/11063/2026 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എയർപോർട്ട് അതോറിറ്റിയിൽ നിന്നും NOC ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** കോഴിക്കോട് വിമാനത്താവളത്തിലേക്ക് ദേശീയപാത-66 കോഹിനൂരിൽ നിന്നും പുതിയ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുമെന്ന 2026-27 ബജറ്റ് പ്രഖ്യാപന നിർദ്ദേശത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് ദേശീയപാത-66 കോഹിന്നൂരിൽ നിന്നും പുതിയ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനായി ഭരണാനുമതിയ്ക്കായി നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**(ഡി)** കോഴിക്കോട് വിമാനത്താവളത്തിലേക്ക് പോകുന്ന വാഹനങ്ങളുടെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സ്പിന്നിംഗ് മിൽ എന്ന സ്ഥലത്ത് ദേശീയപാത 66 - ൽ നിന്നും എക്സിറ്റ് അനുവദിക്കാനുള്ള നിർദേശത്തിന്മേൽ നടപടി അറിയിക്കാമോ?

**<u>മറുപടി:</u>** പ്രധാന carriageway-യിലേക്കുള്ള entry, exit പോയിന്റുകൾ അംഗീകൃത പ്ലാൻ അനുസരിച്ച് നൽകിയിട്ടുണ്ട്. ഈ ഘട്ടത്തിൽ വരുത്തുന്ന ഏത് മാറ്റവും പുതിയതായി നിർമ്മിച്ച പ്രവൃത്തികൾ പൊളിച്ചുനീക്കേണ്ടി വരുമെന്നതിനാൽ അനാവശ്യ ചെലവിന് കാരണമാകും.

**സെക്ഷൻ ഓഫീസർ**